സാഹിബ് ബഹദൂർ ടി. എം. മൈലീൻ കുഞ്ഞു: ഞാൻ ഇതിനെ എതിർക്കുന്നു. ഈ ബില്ലിനെ എതിർക്കുന്നതുകൊണ്ടു് വളരെ പ്രധാനമായ ഒരു കാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്. ജയിലു്. എല്ലാ ഗവണ്മെണ്ടുകളും വച്ചു നടത്തുന്ന ഒരു സ്ഥാപനമാണു്. എന്നാൽ ഈ ജനകീയ യുഗത്തിലെങ്കിലും ജയിലുകളുടെ ഭരണസമ്പ്രദായത്തിലും പ്രവർത്തനരീതിയിലും സാരമായ പരിവർത്തനങ്ങളും വരുത്തേണ്ടതായിരുന്നു. അങ്ങനെ യാതൊരു പരിവർത്തനവും ഇന്നുവരെ ഉണ്ടായിട്ടില്ലെന്നുള്ള വ്യസനകരമായ പരമാർത്ഥം രേഖപ്പെടുത്താതെ നിവൃത്തിയില്ല. ജയിലിൽ കിടന്നു് ജയിലിലെ ദുരിതങ്ങളും എന്താണെന്നു അറിഞ്ഞിട്ടും അനുഭവിച്ചിട്ടുമുള്ള ആളുകളും ഭരിക്കുന്ന കാലത്തുതന്നെയും ആ ദുരിതങ്ങൾക്കു അല്പമെങ്കിലും അവധി വരുത്തുവാൻ സാധിച്ചിട്ടില്ലെന്നു വന്നാൽ അതിലധികം ഒരു പരാജയം ഉണ്ടാകാനില്ല. ജയിൽഭരണവും അവിടത്തെ നടപടികളും പരിശോധിച്ചാൽ കാണാം ജയിൽ ഉദ്യോഗസ്ഥന്മാർക്കു് പുള്ളികളോടു് ഒരിക്കലും മതുങ്ങാത്ത ഒരു പ്രതികാരബുദ്ധിയാണുള്ളതെന്നു്. പുള്ളികളോടു് പ്രതികാരം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണോ ഈ ജയിലുകൾ നിർമ്മിച്ചിട്ടുള്ളതെന്ന നാം കാര്യമായി ചിന്തിക്കണം. ചില സാഹചര്യങ്ങളിൽ പരിതഃസ്ഥിതികളുടെ സമ്മർദ്ദംകൊണ്ടു് കുറ്റം ചെയ്യുന്നതിനു നിർബന്ധിതരായിത്തീരുന്ന ആളുകളെ സംസ്കരിച്ചെടുത്തു മേലാൽ കുറ്റങ്ങൾ ആവർത്തിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണു ജയിലുകൾ നിർമ്മിച്ചിട്ടുള്ളതു്. എന്നാൽ ജയിലിൽ അകപ്പെടുന്ന ആളുകൾ ജയിലുദ്യോഗസ്ഥന്മാരുടെ നേരെ എന്തോകുറ്റം ചെയ്തുപോലെയാണു് അവരോടു പെരുമാറിവരുന്നതെന്നു് ഇന്നത്തെ ഭരണകർത്താക്കൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അറിവുള്ളതാണു്. ഈ രീതിക്കു് മൗലികമായ മാറ്റം വരുത്തുന്ന യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഉൾപ്പെട്ടതായിട്ടില്ല. അതു വാസ്തവത്തിൽ ജനകീയസമ്പ്രദായത്തിന്റെ പരാജയത്തെയാണു് കുറിക്കുന്നതു്. ഈ ബില്ലു് ഇങ്ങനെതന്നെ പാസാക്കിയാലും, ഇന്നത്തെ സ്ഥിതിഗതികൾക്കു് ഒരു മാറ്റം വരുത്താൻ വേണ്ട നിർദ്ദേശങ്ങളെങ്കിലും ഗവണ്മെണ്ടു് ജയിലുദ്യോഗസ്ഥന്മാർക്കു് നല്കുന്നപക്ഷം അതു് ആശ്വാസകരമായിരിക്കുമെന്നുള്ള കാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനുമുമ്പു പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങൾ വീണ്ടും ആവർത്തിക്കുകമാത്രമാണു് ശ്രീ. മൈലീൻകുഞ്ഞു ചെയ്തിരിക്കുന്നതു്. ഈ വാദങ്ങൾ മുഴുക്കെല്ലാം ഞാൻ നേരത്തെ മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

The question that the Travancore-Cochin Prisons Bill be passed subject to the modifications proposed by the Hon'ble Minister in charge was put and carried.

The Bill was passed.

The Travancore-Cochin Prevention of Corruption Bill—(*cont.*)

Clause 7

Sri. D. Gnanasigamoni: I move that Clause 7 may be deleted. This clause relates to public servants and it is there for the purpose of directing them to furnish particulars regarding the property, movable or immovabe, in their possession. This can be divided into three categories. A duty is cast upon persons actually in service to furnish such purticulars. A duty is also cast on any person, who has been a public servant. Similarly a duty is also cast on the dependant of public servant. All these are there for the purpose of facilitating an enquiry under this Act. The only thing I want to say is that it is a belated provision. All the evidence that is available or needed for an enquiry of this nature is practically lost and valuable time has been also wasted. In respect of a matter for which the Government starts an enquiry, to say that a person who has been in the service of Government should furnish particulars, will be something like a wild-goose hunt. It is doubtful whether any useful purpose will be served by proceeding with an enquiry of this kind. No such proceeding can be taken and even if taken it will not be legally sustainable. As I have already said, it may refer to a period of time in respect of which Section 6 will not be applicable to the extent to which it is intended. In the manner in which this particular clause is worded in so far as it refers to matters of enquiry prior to the date of passing this Act, and may even go back, say for a period of 10 years, I submit that Section 6 will not be applicable to the extent to which it is made applicable under this

LIBRARY ARCHIVES Kerala Legislative Assembly

Act. My submission is that this provision will not be very useful and cannot be used in the manner in which it is intended to be applied. Article 20 of the Constitution Stands in the way of any such wide application.

There is one other fact I have to point out in this connection, namely, that there is no corresponding section in the Indian Act. It will be expedient in the interest of uniformity that this Clause is deleted lest it should lead to complications never dreamt of by the framers of the Bill.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, എന്റെ നു ഠ–ാം നമ്പർ ഭേദഗതിയും, ശ്രീ ജ്ഞാനശിഖാമണിയുടെ ഭേദഗതിപോലെ ഈ എഴാംവകുപ്പ് എടുത്തുകളയണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഹാജരാക്കിയിട്ടുള്ളതാണു്. ഈ വകുപ്പുകൊണ്ടുദ്ദേശിക്കുന്നതു് ഗവമ്മെണ്ടിനൊ ഗവമ്മെണ്ടിനാൽ നിയമിതമായിരിക്കുന്ന ഒരു കമ്മീഷനൊ ആവശ്യപ്പെടുന്ന സന്ദർഭത്തിൽ ഏതെങ്കിലും ഒരു ഗവമ്മെണ്ടുദ്യോഗസ്ഥന്റേയോ അയാളെ ആശ്രയിച്ചുജീവിക്കുന്ന മറ്റാളുകളുടെയോ സ്വത്തുക്കളെസംബന്ധിച്ചു ഒരു സ്റ്റേറ്റുമെൻറു് ഹാജരാക്കുന്നതിനു ആവശ്യപ്പെടാമെന്നാണു്. ഈ വ്യവസ്ഥയിൽ അന്തർഭവിച്ചിരിക്കുന്ന തത്വമെന്താണെന്നു് നോക്കിയാൽ, കുറ്റക്കാരനെന്നു സംശയിക്കപ്പെട്ടിരിക്കുന്ന ഒരു പ്രതി തൊണ്ടിസഹിതം പ്രാസിക്യൂട്ടരുടെ മുമ്പിൽ ഹാജരായി കുറ്റം തെളിയുന്നതിനു വേണ്ട രേഖകൾ അയാൾക്കെതിരായി അയാൾതന്നെ കൊടുക്കണം എന്നു നിർദ്ദേശിച്ചിരിക്കുകയാണെന്നു കാണാൻ സാധിക്കും. നിയമത്തിന്റെ അടിസ്ഥാനതത്വത്തിനുതന്നെ വിപരീതമായ ഒരു വ്യവസ്ഥയാണു് ഇതു്. ഏതെങ്കിലും ഒരാൾ കുറ്റം ചെയ്തിട്ടുണ്ടെന്നു സംശയിക്കപ്പെട്ടാൽ ആ കുറ്റം ചെയ്തു എന്നു തെളിയിക്കുന്നതിനു അയാളോടുതന്നെ തെളിവുകൾ ഹാജരാക്കാൻ ആവശ്യപ്പെടാതെ മറ്റു മാർഗ്ഗങ്ങളിൽകൂടി അന്വേഷിച്ചു്. തെളിവുകൾ ശേഖരിക്കേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണു്. ഗവമ്മെണ്ടിനാണെങ്കിൽ അതിനുവേണ്ടി പോലീസു മുതലായ ഏജൻസികൾ ഉണ്ടു്. അവർ മുഖാന്തിരം രഹസ്യമായി അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കുകയെന്നുള്ളതല്ലാതെ കുറ്റം ചുമത്തപ്പെട്ട ആൾതന്നെ തെളിവുകൾ ഹാജരാക്കി ശിക്ഷ വാങ്ങിക്കൊള്ളണമെന്നു പറയുന്നതു ശരിയല്ല. ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം പബ്ലിക്കു് സർവ്വീസു് റെഗുലേഷനിൽ വസ്തുസംബന്ധമായ സ്റ്റേറ്റുമെൻറുകൾ ഗവമ്മെണ്ടിലേക്കു സമർപ്പിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ വ്യവസ്ഥ അനുസരിക്കാതിരിക്കുന്നവരുടെ മേൽ ഡിസിപ്ലിനർട്ടമെൻറലായിട്ടുതന്നെ നടപടികൾ എടുക്കാൻ ഗവമ്മെണ്ടിനു അധികാരവും അവകാശവും ഉണ്ടു്. അതിനു വിപരീതമായി ഒരു കുറ്റത്തെസംബന്ധിച്ചു തെളിവുകൾ ശേഖരിക്കുന്നതിനു ഗവമ്മെണ്ടു വിമുഖത കാണിക്കുന്നു എന്നുള്ള കാരണത്താൽ സംശയിക്കപ്പെട്ട ഉദ്യോഗസ്ഥൻതന്നെ തെളിവുകൾ ഹാജരാക്കണമെന്നു പറയുന്നതു് ആശാസ്യമായ ഒരു നിയമമല്ല. എന്നുതന്നെയുമല്ല, അങ്ങനെ തെളിവുകൾ ഹാജരാക്കുന്നതിനു ആ ഉദ്യോഗസ്ഥൻ എന്തെങ്കിലും തടസ്സമോ കാലാതാമസമോ വരുത്തുന്നപക്ഷം ഒരു കൊല്ലം ശിക്ഷിക്കാമെന്നും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതും ഒട്ടും ശരിയല്ല. നിയമപ്രകാരം, അഥവാ നിയമത്തിന്റെ അടിസ്ഥാനതത്വം അനുസരിച്ചു് ഒരാളിനോടു അയാൾ ചെയ്യേണ്ടാത്തതായ ഒരു കാര്യം ചെയ്യണമെന്നു നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടു അയാൾ അതു ചെയ്തില്ലെങ്കിൽ അതിനു പ്രത്യേകം ശിക്ഷനൽകാമെന്നു നിയമമുണ്ടാക്കുന്നതു് ഒരു പ്രകാരത്തിലും നീതീകരിക്കാവുന്നതല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇമ്മാതിരിരി കാര്യങ്ങളിൽ ഗവമ്മെണ്ടുതന്നെ ഏജൻസികൾ മുഖാന്തിരം അന്വേഷണം നടത്തി കുറ്റം തെളിയിക്കുകയല്ലാതെ സംശയിക്കപ്പെട്ട ഉദ്യോഗസ്ഥനെ ശിക്ഷയ്ക്കു വിധേയനാക്കുമെന്നു ഭയപ്പെടുത്തി തെളിവുകൾ ഹാജരാക്കാൻ നിർബന്ധിക്കുന്ന നടപടി തത്വത്തിനുതന്നെ വിപരീതമാണു്. അതുകൊണ്ടു് ഈ വകുപ്പു് എടുത്തുകളയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ നിയമം നടപ്പിൽ വരുന്നതോടുകൂടി ഒരാളുടെ പേരിലുള്ള കുറ്റം തെളിയിക്കുന്നതിനു് ആവശ്യമായ തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുവരും. അങ്ങിനെയുള്ള തെളിവുകൾ ശേഖരിക്കുന്ന വിഷയത്തിൽ അയാളുടെ സ്വാഭാവികരീതിയും ആകെയുള്ള സമ്പാദ്യവുംഅറിയേണ്ടതു് അത്യാവശ്യമായിവരുന്ന ഘട്ടങ്ങളും ഉണ്ടാകുന്നതാണു്. അങ്ങിനെയുള്ള ഘട്ടങ്ങൾ ഉദിക്കുമ്പോൾ അതിലേക്കാവശ്യമായ റിക്കാഡുകൾ തെളിവിൽ ആരുടെപേരിൽ കുറ്റം ചുമത്തിയിരിക്കുന്നുവോ അയാളിൽനിന്നു് അല്ലെങ്കിൽ അയാളുടെ ബന്ധുക്കളിൽ നിന്നു് ശേഖരിക്കേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ആവശ്യമാണു്. അതിലേക്കാണു് ഈ വകുപ്പു് ചേർത്തിട്ടുള്ളതു്. നിയമപരിപാലനത്തെ സഹായിക്കണമെന്നുണ്ടെങ്കിൽ, അതിനു് പ്രതിബന്ധമായി നിൽക്കുന്ന ആരെങ്കിലും ശിക്ഷകൊടുക്കേണ്ടതു ആവശ്യമാണു്. അതുകൊണ്ടാണു് ഈ വകുപ്പു് ഇതിൽ ചേർക്കുവാൻ ഇടയായിട്ടുള്ളതു്. ഈ നിയമപ്രകാരം ഉർജ്ജിതമായി പ്രവർത്തിക്കണമെന്നാഗ്രഹമുള്ളവർ തീർച്ചയായും ഈ വകുപ്പിനെ അനുകൂലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

The amendment was put and lost.

Sri. P. S. Nataraja Pillai : Sir, I move the following amendments :

In Clause 7, sub clause (1), in line 1, omit the words "Government or";
In the same sub-clause, in line 7, insert "is" for "may be"; and
In the same sub-clause, in line 9, omit the words "of Government or", after "opinion".

Sir, sub-clause (1) as it stands begins thus: "Government or the Commission appointed under this Act may require". I am moving for the omission of the words "Government or". The sub-clause will then read: "The Commission appointed under this Act may require" any person who has been or is a public servant to furnish a true and correct statement, etc. Again, in lines 6 and 7, the words occur: "property or income by whomsoever such property or income may be held on behalf of the public servant concerned". I am trying to insert "is" for the words "may be", so that it will read "property or income by whomsoever such property or income is held on behalf of the public servant concerned." Again in line 9, the words occur: "as may in the opinion of Government or of the Commission be necessary". I have moved for the deletion of the words "of Government or," so that it will read : "as may in the opinion of the Commission be necessary". That is my amendment.

The Clause, as it is, provides for asking for information about the assets of a public servant who is suspected to be corrupt or who has committed criminal misconduct according to this Bill. Sir, power is taken under this Bill not only to ask for a statement of all properties, movable and immovable, but of properties held by whomsoever on behalf of the public servant. So without coming to any conclusion Government can ask a public servant to submit a return of the properties which may be held by whomsoever whether it be X, Y or Z who have nothing to do with that public servant. My purpose in asking for the omission of "may be" and substituting "is" is for restricting the right of the Commission to ask a public servant to submit a return only after a bona fide enquiry and a prima facie case has been made. It is an abnormal procedure to ask a particular individual who happens to be a friend or acquaintance of a public servant to submit a statement of his assets without ascertaining whether he holds any property on behalf of the public servant. Then again, statements will have to be submitted if they happen to be relations of the public servant. Under sub-clause (2), if a person who has been asked to submit a return does not do so, he is liable to punishment which may extend to one year. Sir, it is a practical impossibility for an individual to know the details of the properties and income of his relatives. Of course, I may be countered with the statement that the penalty is only to persons who knows or has reason to believe the information given to be false. "Reason to believe to be false" is so wide a term that the court may say that a particular individual has to know about the properties of his friend or son-in-law or daughter-in-law. The court can very reasonably hold and may hold that he has reason to know the actual financial conditions of his son-in-law or daughter-in-law. As a matter of fact, in a society situated as it is to-day, there are many persons who do not know the assets of their sons-in-law or daughters-in-law. And if he does not furnish a list which is not correct then he is liable for the penal punishment of imprisonment for a term of one year. Apart from the equity or the principles of jurisprudence, on which my friend Mr. Patchu Pillai was objecting to this clause, I may agree that in extraordinary circumstances there may be a necessity to frame special legislation. But when framing such special legislation, it should be the outlook of this House to see that the provisions are not such as liable to be misused. The provisions should not be such as are vexatious; the provisions should not be such as are liable to bring unnecessary hardship to the public at large. Sir, I can understand the purpose with which we are enacting this measure. We are told this measure is to control corruption in public service. I will go to the extent of admitting that there is a feeling in the public that our public service is to a certain extent corrupt. To control corruption among public servants we are enacting a measure. If that be the object the provisions we are enacting must be such as will not cause unnecessary hardship to the general public. Here under Clause 7, Government are taking the right not to deal with the

LIBRARY ARCHIVES Kerala Legislative Assembly

public servant who is under their control but casting a responsibility on the Government servant whom they suspect to submit returns of the assets and the income of two categories of persons one who is unfortunate enough to be related to the individual concerned, and the other the wide public at large who may hold property on behalf of the public servant. That is a very wide definition. If the Government think that a particular person is a close friend or associate of the public servant, the Commissioner can require that public servant to give the assets and the income held by that individual on his behalf without coming to a definite conclusion whether that particular individual is holding the property on behalf of the public servant or not. The wording is "may be held." If the Government are satisfied after enquiry and have come to the conclusion that one individual is holding property on behalf of another, then it may be legitimate to ask for a return. But that is not the wording and that is not how I understand it. I clearly and honestly fear that the wording used under this clause are such that are liable to be misused and if misused will be vexatious enough. Sir, we have heard of the Spanish Inquisition. People who honestly believed that anything done against religion is a danger to society and were punished. We have heard of the horrors of the Spanish Inquisition and its misuse. Now we are framing a law and including in it provisions which may be used as an inquisition against public servants and the public. Sir, that should not be. That is not our purpose. Our purpose will be very well served by Clauses 5 and 6. Clause 5 clearly lays down a penal provision and gives a right to the court to convict a person even on a presumption to the extent of seven years. Clause 6 lays down authority to confiscate the wealth of a public servant. After having provided that even on the basis of a presumption a conviction can be made, to make a further provision which is inquisitorial in its nature, which will be vexatious in its process and which will be unjust and unacceptable to all canons of justice is, to say the least, unnecessary and unjustifiable. I would have accepted the proposition of my friend Sri. Gnanasigamony and would have been glad that the clause is deleted. But I felt Sir, it is necessary to table a motion to make the provision less vexatious and give a form more acceptable. I want the Government to make an enquiry and come to a definite conclusion before they call upon the public servant about the details of the assets of "whomsoever" who may hold the property on his behalf.

Sir; I have also moved for the deletion of the word "Government". Sir, after all, Government is composed of Government servants. It is an institution which is represented by Government servants. When we say that the Government servant is corrupt, it includes the Government as well. Sir, the right to such vexatious procedure, the right to cause unnecessary trouble to a wide clause of people should not be exercised by an irresponsible autocrat. That is a thing against which we have been fighting for so long. Government as represented by the higest executive is liable to the personal failings to which every human being is liable. There will be likes and dislikes. There may be chances of favouritism and hatred even with the highest executive of the land. Whoever may be the executive, he is also human and he is bound to have human fallings. We have been fighting against the autocratic use of power. Even in the changed circumstances in which we are today, even the kind of responsible Government based upon popular supports even in India and in our own country, is not such as could create fullest confidence in the people. Party Government is liable to political vicissitudes, political changes and groupings. If that be the case, if a Government that controls or administers the country is dependent on party strength or on the support of a set of people and things like that, then that Government is liable to misuse their powers to secure their support and to control or eliminate their opponents. That kind of power should not vest with the Government. Because, naturally it is bound to be misused. Therefore, that has to be restricted. The executive authority exercised by the Government, whoever that may be, the executive authority should not be given the absolute power to exercise, to set in motion a vexatious procedure of law. Absolute power makes Government also absolute. So, I have moved the amendment that the words "Government or" may be deleted and in its place the words "the commission appointed under this Act" be substituted. I have to answer the question when I have eliminated Government, why I have included the Commission and how that Commission can be given this power if it is objectionable to that extent, why we can depend upon the Commission to exercise it rightly. When a selection is made by Government of a proper Commissioner who has reputation, training and capacity to enforce the provisions of this Bill, he will be invested with the special responsibilities of working those provisions and that responsibility will be personal. Suppose the provisions are misused. That Commissioner can be taken to task. But, on the other hand, if it is the institution called Government, who can be held responsible except the whole Government? The actual individual who has set in motion the process envisaged under this section will be

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

behind the screen. It may be a Minister, it may be a Chief Secretary or it may be an under-Secretary, or a C. I. D. Officer. There may be the collective responsibility of the Government or the Cabinet but not any personal responsibility. That is the difference when we fix the responsibility upon a Civil servant, as Commissioner appointed for the purpose. Later on, there is an amendment as to which type of persons should be the Commissioner. We are entrusting wide powers to the Commissioner. In the existing state of affairs, in the normal condition of things for the execution of important work, we have to choose individuals with reputation for character. After chosing that individual and fixing on him the responsibility of working it, that personal responsibility will be a safeguard to prevent harassment and vexatious proceedings against the general public. Therefore, I have omitted the word "Government". I do not want Government to exercise this power. That responsibility must be fixed on a single individual. That individual should do that work and be responsible for it, therefore I have moved this amendment.

Sir, on the whole, I have only to submit to this House that we may be right in enacting the measure. But, Sir, provisions which will paralyse or affect the activities of the honest people, or give unnecessary embarrassment and be a source of vexation to honest men should not find a place in any statute book. With these words, I move my amendment.

ശ്രീ. ടി. കെ. നാരായണപിള്ള: കമ്മീഷനെ നിയമിക്കുക എന്നുള്ളതു് ൻ-ാംവകുപ്പനുസരിച്ചു ഗവണ്മെണ്ടു് നിർബ്ബന്ധമായി ചെയ്യേണ്ട ഒരു സംഗതിയല്ല.

Sri. P. S. Nataraja Pillai: Sir, I beg to point out that I have given notice that "Government shall appoint."

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഈ ബില്ലിൽ ഇങ്ങനെ ഒരു വ്യവസ്ഥ വച്ചിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഞാൻ ശ്രമിക്കുകയാണു്. നിലവിലിരിക്കുന്ന ൻ-ാം വകുപ്പനുസരിച്ചു ഒരു കമ്മീഷനെ നിയമിക്കണമെന്ന നിർബ്ബന്ധമില്ല. കമ്മീഷന്റെ ജോലി പ്രിലിമിനറിയായി അന്വേഷണം നടത്തി ഒരു പ്രൈമാഫേസി കേസുണ്ടോ എന്നു നോക്കി വേണ്ട തെളിവുകൾ ശേഖരിച്ചു് ഗവണ്മെണ്ടിന്റെ അനുവാദത്തോടുകൂടി ഒരു കേസു ഒന്നാംക്ലാസു മജിസ്ട്രേട്ടിന്റെ മുമ്പാകെ ചാർജ്ജു ചെയ്യുകയെന്നുള്ളതാണു്. കമ്മീഷനെ ഏതെങ്കിലും കാരണവശാൽ ഗവണ്മെണ്ടിൽനിന്നും നിയമിക്കാതിരിക്കുന്നപക്ഷം, ഈ ആക്ടിലെ വ്യവസ്ഥയനുസരിച്ചു ഒരു പ്രിലിമിനറി എൻക്വയറി നടത്തുന്നതിനും, ഒരു പ്രൈമാഫേസി കേസുണ്ടെന്നു ബോദ്ധ്യമാകുന്നപക്ഷം ആ കേസു ഒന്നാംക്ലാസു മജിസ്ട്രേട്ടുകോടതിയിലേക്കു അയക്കുന്നതിനുമുള്ള അധികാരം ഗവണ്മെണ്ടിൻറിലാണു് നിക്ഷിപ്തമായിരിക്കുന്നതു്. ഇക്കാര്യത്തിൽ ഗവണ്മെണ്ടിനും കമ്മീഷണർക്കും കൺകറന്റ് ജൂറിസ്ഡിക്ഷനാണുള്ളതു്. കമ്മീഷനെ നിയമിക്കുന്നതും ഗവണ്മെണ്ടിൽനിന്നാണു്. ശ്രീ. നടരാജപിള്ളയുടെ പ്രധാനമായ ആക്ഷേപം ഗവണ്മെണ്ടിനുകൂടി ഈ അധികാരം കൊടുക്കുകയാണെങ്കിൽ പാർട്ടി ഗവണ്മെണ്ടു് നിലവിലിരിക്കുന്ന കാലത്തോളം എക്സിക്യൂട്ടീവിനു് അനാവശ്യമായി ഉദ്യോഗസ്ഥന്മാരെയും അവരുടെ ബന്ധുക്കളെയും ഉപദ്രവിക്കുന്നതിനുള്ള അവസരങ്ങൾ സുലഭമായി ലഭിച്ചുകൊണ്ടിരിക്കുമെന്നുള്ളതാണു്. ഒരു കമ്മീഷനെ നിയമിക്കുന്നപക്ഷം, ആ കമ്മീഷനെ ഗവണ്മെണ്ടിൽനിന്നും നിയമിക്കുന്നതായതുകൊണ്ടു ആ കമ്മീഷനെയും സ്വാധീനപ്പെടുത്തി, ഏതെങ്കിലും വിധത്തിൽ, ഗവണ്മെണ്ടു് ആവശ്യപ്പെടുന്നരീതിയിലുള്ള നടപടികൾ സ്വീകരിച്ചു കുറക്കാരന്റെപേരിൽ മതിയായ തെളിവുകൾ നൽകി നടപടികൾ നടത്തുന്നതിനും ശിക്ഷിക്കുന്നതിനും സാധിക്കുന്നതാണു്. അതുകൊണ്ടു് ശ്രീ. നടരാജപിള്ളയുടെ ആക്ഷേപം ഗവണ്മെണ്ടിൽനിന്നും ഒരു കമ്മീഷനെ നിയമിക്കുന്നപക്ഷവും മാറിപ്പോകുന്നതല്ല. നേരെമറിച്ചു ഈ വകുപ്പിലെ ബഹുഭൂരിപക്ഷം അംഗങ്ങളും അഭിപ്രായപ്പെട്ടതനുസരിച്ചു ഈ രാജ്യത്തെ കുറപ്പെക്ഷനെ ഇല്ലാതാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു് നടപ്പിൽ വരുത്തുന്നതിനു ഈ വകുപ്പു സഹായകമായിരിക്കും. ഗവണ്മെണ്ടിനും കമ്മീഷനും കൺകറന്റ് ജൂറിസ്ഡിക്ഷൻ വച്ചിരിക്കുന്നതുകൊണ്ടു ഗവണ്മെണ്ടിനു ഇതു സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ നടത്തുന്നതിനുള്ള അധികാരംകൂടി ഉണ്ടായിരിക്കേണ്ടതാണു്. അങ്ങനെ പ്രാരംഭനടപടികൾ നടത്തുന്നതിനും ആവശ്യമായ തെളിവുകൾ ശേഖരിക്കുന്നതിനും ഇങ്ങനെ ചില അധികാരങ്ങൾ ഗവണ്മെണ്ടിനു ഉണ്ടാകാതിരിക്കുന്നപക്ഷം ഏതു ഉദ്ദേശത്തിനുവേണ്ടിയാണോ പ്രാരംഭനടപടികൾ നടത്തുന്നതു ആ ഉദ്ദേശത്തിൽ എത്തിച്ചേരാതിരിക്കാൻ ഇടവന്നേയ്ക്കും. അതിലേ

LIBRARY ARCHIVES Kerala Legislative Assembly

യ്യാണ് ഈ വകുപ്പു ചേർത്തിരിക്കുന്നതു്. അല്ലാതെ ഏതെങ്കിലും വിധത്തിൽ ഗവൺമെണ്ടു് ഈ അവകാശത്തെ, അല്ലെങ്കിൽ അധികാരത്തെ ഒരുപയോഗിക്കണമെന്നു വിചാരിക്കുന്നില്ല. എപ്പോഴും ഒരു കമ്മീഷണറുടെ ആവശ്യത്തിലേക്കു ഒരു പെർമനൻറ് ഉദ്യോഗസ്ഥന്റെ നിലയിൽ പ്രവർത്തിക്കേണ്ടതായും ചിലപ്പോൾ വന്നേയ്ക്കും. അങ്ങനെ ഒരു പെർമനൻറ് ഉദ്യോഗസ്ഥനെ നിയമിക്കാതെതന്നെ ആ ജോലി ഗവൺമെണ്ടിൽനിന്നും ചെയ്യുവീർക്കുന്നതിനു സാഹായകമാകത്തക്ക നിലയിലാണു് ഈ വകുപ്പു് ഈ ബില്ലിൽ ചേർത്തിരിക്കുന്നതു്. അതിനാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Sri. D. Gnanasigamoni: May I know the purpose of the Investigation Officer mentioned in the proviso to clause?

ശ്രീ. ടി. കെ. നാരായണപിള്ള: 'ഇൻവെസ്റ്റിഗേറ്റിംഗ്' ആഫീസറുടെ ആവശ്യമുണ്ടാകും. അങ്ങനെ വേണമെന്നു തോന്നിയാൽ ഇൻവെസ്റ്റിഗേറ്റിംഗ് ആഫീസറെ നിയമിക്കുകയും ചെയ്യും.

Sri. A. Thanu Pillai: May I know from the Hon'ble Chief Minister from how many persons Government have sought for this information under the corresponding provision in the Ordinace?

ശ്രീ. ടി. കെ. നാരായണപിള്ള: ആരുടെ അടുക്കലും അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല. ടി. എസ്. ആർ. അനുസരിച്ചു ആവശ്യപ്പെട്ടിട്ടുണ്ടാവാം; എന്നല്ലാതെ ആവശ്യപ്പെട്ടിട്ടില്ല.

The amendment was put and lost.

Thr question that clause 7 stand part of the Bill was put and carried.

The Clause was added to the Bill.

Clause 8

Sri. Sree. V. Das: Sir, I move my amendment. Add as a proviso to Clause 8 (1), the following.—

"Provided that no one shall be appointed as a member of the Commission unless he has served as a District Judge for not less than two years or a retired High Court Judge"

இதில் குறிப்பிட்டிருக்கும் Commission மெம்பர்கள் அதிகம் பொறுப்பு வாய்ந்தவர்களும், சட்ட சம்பந்தமாக நல்ல ஞானமுள்ளவர்களாகவுமிருக்கவேண்டும். அதற்காகத்தான் இதிலுள்ள அங்கத்தினர், பென்ஷன் வாங்கின ஹைக்கோர்ட் ஜட்ஜாகவோ, அல்லது குறைந்த பக்ஷம் இரண்டு வருஷம் சர்வீஸான ஜில்லா ஜெட்ஜாகவோ இருக்கவேண்டுமென்பது எனது திருத்தம்.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കമ്മീഷന്റെ ജോലിയുടെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കാത്തതുകൊണ്ടാണു് ഈ ഭേദഗതി ഇവിടെ കൊണ്ടുവരുവാൻ ഇടയായിട്ടുള്ളതു്. ഒന്നാംക്ലാസ് മജിസ്ട്രേട്ട കോടതിയിലേക്ക അയയ്ക്കുണ്ട കേസുകളും എത്തെല്ലാമാണെന്നുള്ളതിലേക്ക വേണ്ടിവരുന്ന വിവരങ്ങളും ശേഖരിക്കുന്നതിനാണു് ഈ കമ്മീഷനെ ബില്ലിൽ ഉൾപ്പെടുത്തിച്ചിരിക്കുന്നതു്. ഈ കാര്യത്തിനായി ഒരു ഡിസ്ട്രിക്ട് ജഡ്ജി വേണമെന്നു പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു് തോന്നുന്നില്ല. കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ തക്കം പറഞ്ഞുവയ്ക്കുകയില്ലായിരുന്നു. അതുകൊണ്ടു് ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

Mr. D. Gnanasigamoni: I move that clause 8 be deleted.

Mr. Speaker: Before that, there is an amendment by Mr. P. S. Nataraja Pillai. Is the Hon'ble Member moving that amendment?

Sri. P. S. Nataraja Pillai: Yes, Sir.

I move the following amendments:

"In clause 8' the sub-clause (1) omit the words 'Gouernment or', in line 1;

"In the same sub-clause, omit the words 'or is believed in the opinion of Government or such Commission' in lines 3 and 4; and

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

"In the same sub-clause, in para 2, omit the words 'Government or' in line 3."

"In clause 8, sub-clause (2), omit the words 'by Government or' in line 2.

"In the same sub-clause, in line 9, omit the words 'as are believed to' and insert the word 'which' after 'documents'."

"In clause 8, omit sub-clause (3) and renumber sub-clause (4) as sub-clause (3)."

"In clause 8, sub-clause (4) of the Bill, omit the words 'or disobeys any orders or directions under sub-section (3) in lines 5 and 6."

As I urged previously, I even now urge for the reasons which I have put forward before, that this kind of right with the Government to set in motion the proceedings envisaged in this Bill should not be allowed. I move for the deletion of the words 'Government or'. All proceedings under the Bill must be vested in a single individual and that individual should be the Commissioner envisaged in this Bill. So I move that the words 'Government or' should be omitted and all right of proceedings under this Bill should be vested with the Commissioner. Then the first sub-clause will be thus: "The Commissioner appointed under this Act may call upon any person whatsoever with whom a public servant is known or is believed in the opinion of Government or such Commission to be having or to have had financial or other transactions".

